ശ്രീ. ഈ. പി. ഗോപാലൻ : ഒരാൾക്ക ജീവാപായം സംഭവിച്ച എന്ന പറഞ്ഞു. ആർക്കെങ്കിലും പരിക്കുപറ്റിയിട്ടുണ്ടോ ? ഈ പ്രകടനങ്ങൾ ആർഗനൈസുചെയ്തിരുന്നത് ആരായിരുന്നു ?

ശ്രീ. ആർ. ശങ്കർ : ഇവിടത്തെ ഫയർ സർവ്വീസു സ്റ്റാഫ് ആർഗനൈസു ചെയ്തതാണു'. വേറെ ആക്ഷം പറയത്തക്ക അപകടം പറ്റിയിട്ടില്ല.

ക്ഷയരോഗികൾക്ക നൽകുന്ന ധനസഹായപദ്ധതി.

* 343. [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷയരോഗബാധിതർക്ക സഹായധനം നൽകുന്ന പദ്ധതി അനുസരിച്ച ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകർക്ക് സഹായം നൽകിയെന്നും വിവരമടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) അപേക്ഷകരുടെ കാര്യത്തിൽ ഡാക്ടർമാർ നൽകിയ സർട്ടിഫിക്കറ്റുകളെപ്പറ്റി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(സി) അവയുടെ സ്വഭാവമെന്താണ് ;

(ഡി) ഈ പരാതികളിന്മേൽ അന്വേഷണം നടത്തിയതിന്റെ ഫലമായി രോഗരഹിതരെന്നു വിധിക്കപ്പെട്ട കേസുകളിൽ രോഗികളാണെന്നു തെളിഞ്ഞ എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട് ;

(ഈ) അത്തരം കേസുകളിൽ തെറ്റായി റിപ്പോർട്ട നൽകിയവർക്കെതിരായി നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ ?

മി. സ്പീക്കർ : (എ) വിഭാഗത്തിനു മുൻപു മറുപടി പറഞ്ഞിട്ടുണ്ട്.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(ബി) പരാതി ഒന്നും ലഭിച്ചിട്ടില്ല.

(സി, ഡി, ഈ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : യഥാർത്ഥ ക്ഷയരോഗികളെ പരിശോധിച്ചതിൽ ക്ഷയരോഗികളല്ല എന്നു സർട്ടിഫൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ളവർക്ക് വീണ്ടും ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസറുടെ പരിശോധനയ്ക്കുശേഷം, ആദ്യത്തെ തീരുമാനം ശരിയല്ലെങ്കിൽ ആ തീരുമാനത്തിനെതിരായി തീരുമാനം എടുക്കുന്നതിനു വല്ല ഏർപ്പാടും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനു ഡംസിൽതന്നെ അപ്പീൽ പ്രൊവിഷൻ ഉണ്ട്. ഏതെങ്കിലും ഡാക്ടർ രോഗിയല്ലെന്നു സർട്ടിഫൈ ചെയ്താൽ, അതിന്മേൽ പരാതിപ്പെട്ടാൽ വീണ്ടും ഒരു സിവിൽ സർജൻമുഖേന പരിശോധിച്ചു വേണ്ട നടപടി നടത്താനുള്ള അപ്പീൽ പ്രൊവിഷൻ ഉപയോഗിക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കാര്യത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻപു പറഞ്ഞിട്ടുണ്ട്, എല്ലാ ടി. ബി. ക്ലിനിക്കുകളിലും എക്സ്റേ ഇല്ലാത്തതുകൊണ്ട് പരിശോധനയ്ക്കു വേണ്ടിടത്തോളം സൗകര്യമില്ലെന്ന്. വളരെയധികം രോഗികൾവരുന്ന ടി. ബി. ക്ലിനിക്കുകളിൽ പരിശോധനയ്ക്കു വേണ്ട ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ട് പരിശോധന ശരിയായി നടത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഏതു സ്ഥലത്താണ ഇപ്പോൾ പ്രത്യേകം ബുദ്ധിമുട്ടുള്ളതെന്നു വ്യക്തമാക്കിയാൽ ആ കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly